7/9/11

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - ഐ.സി.ഡി.എസ്- അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ ഹോണറേറിയത്തിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ (എം.എസ്) നം. 46 /2011/സാക്ഷേവ

തീയതി, തിരുവനന്തപുരം, 05.09.2011

പരാമർശം : 27.8.2011 ലെ സ.ഉ (എം.എസ്) നം. 41 /2011/സാക്ഷേവ.

---

## ഉത്തരവ്

സംസ്ഥാന സർക്കാർ അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് നൽകി വരുന്ന പ്രതിമാസ ഹോണറേറിയം 2011 സെപ്റ്റംബർ മുതൽ 550/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതിന് പരാമർശം പ്രകാരം ഉത്തരവായിരുന്നു.

2. സർക്കാർ ഇക്കാര്യം വീണ്ടും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് നൽകി വരുന്ന പ്രതിമാസ ഹോണറേറിയത്തിലെ സംസ്ഥാന വിഹിതം 550/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ചതിന് 2011 ആഗസ്റ്റ് മാസം മുതൽ പ്രാബല്യം നൽകി ഇതിനാൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ പരാമർശിക്കപ്പെട്ട ഉത്തരവ് ഇപ്രകാരം ഭേദഗതി വരുത്തപ്പെട്ടിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ശാരദാ മുരളീധരൻ

സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ (സാമൂഹ്യക്ഷേമ ഡയറക്ടർ മുഖാന്തിരം)
ശിശുവികസന പദ്ധതി ഓഫീസർമാർ (സാമൂഹ്യക്ഷേമ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

പകർപ്പ്: മുഖ്യമന്ത്രിയുടെ പി.എസ്സിന്.
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
സാമൂഹ്യക്ഷേമവകുപ്പ് സെക്രട്ടറിയുടെ പി. എസ്സ്.
സാമൂഹ്യക്ഷേമവകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എസ്സ്.

ഉത്തരവിൻ പ്രകാരം

R. [signature]

സെക്ഷൻ ഓഫീസർ